**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4216** **28-10-2021 - ൽ മറുപടിയ്ക്ക്**

**വ്യാപാരമേഖലയ്ക്കും ഉപഭോക്താക്കൾക്കും വേണ്ടി നടത്തിവരുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കെട്ടിട നിർമ്മാണ സാധനങ്ങൾക്കും ഒപ്പം എല്ലാ വിധ ഉപഭോക്തൃ സാധനങ്ങൾക്കും വിലകൂടുന്നത് കെട്ടിട നിർമ്മാണ മേഖലയുൾപ്പെടെ ഉപഭോക്തൃമേഖലയെ എത്തരത്തിൽ ബാധിയ്ക്കുമെന്നത് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് കാരണങ്ങളാണ് എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കെട്ടിട നിർമ്മാണ സാധനങ്ങൾക്കും ഒപ്പം എല്ലാവിധ ഉപഭോക്തൃ സാധനങ്ങൾക്കും വില കൂടുന്നത് കെട്ടിട നിർമ്മാണ മേഖലയുൾപ്പെടെ ഉപഭോക്തൃ മേഖലയെ എത്തരത്തിൽ ബാധിയ്ക്കുമെന്നത് വ്യവസായ വകുപ്പ് തലത്തിൽ വിലയിരുത്തിയിട്ടില്ല. എന്നാൽ വ്യവസായ വകുപ്പിനു കീഴിൽ സിമന്റ് ഉൾപ്പെടെയുള്ള നിർമ്മാണ വസ്തുക്കളുടെ 95%-വും അന്യ സംസ്ഥാന സ്വകാര്യ ഉൽപ്പാദകരിൽ നിന്നും റയിൽ/റോഡ് മാർഗ്ഗം എത്തിക്കേണ്ടി വരുന്ന സാഹചര്യം വില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ നടത്തി വരുന്ന എം.എസ്.ഇ-സി.ഡി.പി. (MSE Cluster Development Programme) പദ്ധതി പ്രകാരം ക്ലസ്റ്റർ അധിഷ്ഠിത പൊതു സേവന കേന്ദ്രമായി റോ മെറ്റീരിയൽ ബാങ്കുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാർ നയങ്ങളും നികുതി നിർദ്ദേശങ്ങളും ഉപഭോഗ സാധനങ്ങളിലടിച്ചേൽപ്പിയ്ക്കുന്ന നടപടികളുമാണെന്നതും സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ഉൾപ്പെടുന്ന വ്യവസായ മേഖലയ്ക്കാവശ്യമായ ക്ഷേമ പദ്ധതികൾ മാത്രമാണ് വ്യവസായ വാണിജ്യ വകുപ്പ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് എന്നതിനാൽ ഇത്തരം ഒരു പരിശോധന വ്യവസായ വകുപ്പ് മുഖേന ഉണ്ടായിട്ടില്ല. |
| (സി) | ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കാനും പ്രസ്തുത മേഖലകളെ സംരക്ഷിച്ച് വ്യാപാരമേഖലയ്ക്കും ഉപഭോക്താക്കൾക്കും പുത്തനുണർവ് നൽകുവാനുമായി ഈ സർക്കാർ നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് കെട്ടിട നിർമ്മാണ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ച് നിർത്തുന്നതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട ഉൽപ്പാദകരുടെയും വിതരണക്കാരുടെയും യോഗം സർക്കാർ തലത്തിൽ വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സമിന്റ് ഉൽപ്പാദിപ്പിക്കാൻ സ്വീകരിച്ച നടപടികളുടെ ഭാഗമായി ട്രവൻകൂർ സിമന്റ്സ് കമ്പനിയുടെ മാസ്റ്റർ പ്ലാനിൽ ഗ്രേ സിമന്റ് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. കമ്പനി |

| | | | |
|---|---|---|---|
| | | | ഉൽപ്പാദിപ്പിക്കുന്ന വെള്ള സിമന്റിന്റെ വില കഴിഞ്ഞ 3 വർഷമായി വർദ്ധിപ്പിച്ചിട്ടില്ല. മലബാർ സിമന്റ്സ് ലിമിറ്റഡും കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് സിമന്റ് വിപണനം നടത്തി വരുന്നത്. കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരുടെയും വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾക്ക് ഓൺലൈൻ വിപണി ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പ് www.keralaemarket.com/www.keralaemarket.org, www.keralaemarket.kerala.gov.in എന്നീ ഇ-പോർട്ടൽ സംവിധാനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ആയിരത്തിലധികം കമ്പനികളും കേരളത്തിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളും ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ തുടർന്നു വരുന്നു. പുതിയ സംരംഭകർക്കും ഈ പോർട്ടലിന്റെ സേവനം പ്രയോജന പ്പെടുത്താവുന്നതാണ്. ഈ സംവിധാനത്തിലൂടെ കേരളത്തിലെ സംരംഭകർക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ദേശീയ-അന്തർദേശീയ വിപണികൾ പ്രയോജനപ്പെടുത്തുവാൻ കഴിയും. കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ഉത്പന്നങ്ങളുടെ എക്സിബിഷനുകൾ, കാർഷിക-ഭക്ഷ്യ-സംസ്കരണ മേഖലയുടെ പ്രോത്സാഹന ത്തിനായി കേരള അഗ്രോ ഫുഡ് പ്രോ, സംരംഭകർക്ക് പുതിയ സാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്നതിനു വേണ്ടി മെഷിനറി എക്സ്പോ എന്നിവ സംഘടിപ്പിച്ചു വരുന്നു. കേരളത്തിലെ വാണിജ്യ മേഖലയുടെ പ്രോത്സാഹനത്തിനും വികസന ത്തിനും സംസ്ഥാനത്തിലെ തനതായ ഉത്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതിനും വേണ്ടി വാണിജ്യ മിഷനും രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ